# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 71

26.02.2018 ൽ
മറുപടി നൽകേണ്ടത്

## പി.എസ്.സി ഓഫീസിലെ നിയമനം

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) പി.എസ്.സി. യുടെ സംസ്ഥാന ഓഫീസിൽ ടെക്നിക്കൽ അസ്സിസ്റ്റന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളുടെ നിയമന രീതി എങ്ങനെയാണ്; സംവരണ തത്വങ്ങൾ പാലിച്ചാണോ നിയമനങ്ങൾ നടത്തിയിട്ടുള്ളത്; | എ) 20.10.2000 ലെ സ. ഉ (എം.എസ്) നം.590/2000/പൊ.ഭ.വ;<br>13.03.2001 ലെ സ.ഉ (എം.എസ്) നം.69/2001/പൊഭവ;<br>14.07.2004 ലെ സ.ഉ(എം.എസ്) നം.180/2004/ പൊഭവ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേയ്ക്ക് പി.എസ്.സിയിലെ യോഗ്യരായ ഉദ്യോഗസ്ഥരിൽ നിന്നും തസ്തികമാറ്റം വഴിയും യോഗ്യതയുള്ള ഉദ്യോഗസ്ഥരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം വഴിയുമാണ് നിയമനം നടത്തുന്നത്. നേരിട്ടുള്ള നിയമനത്തിന് നിലവിലുള്ള സംവരണ ചട്ടങ്ങൾ പാലിക്കുന്നുണ്ട്. |
| ബി) സ്വീപ്പർ നിയമനം ലഭിച്ച ആർക്കെങ്കിലും മറ്റ് തസ്തികകളിലേക്ക് പ്രൊമോഷൻ വഴിയോ, തസ്തികമാറ്റം വഴിയോ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ നിയമനങ്ങൾ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടാണോ നടത്തിയിട്ടുള്ളത്; നോട്ടിഫിക്കേഷന്റെ നമ്പരും തീയതിയും വെളിപ്പെടുത്തുമോ; | ബി) ഉണ്ട്;<br>അതെ; ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികയിലേക്ക് 23.08.2016 തീയതിയിലെ Estt III(3)35505/05/GW നമ്പർ പ്രകാരവും ഗാർഡനർ തസ്തികയിലേക്ക് 03.08.2017 തീയതിയിലെ എസ്റ്റാ. III (2) 45605/97/ഗ.വി പ്രകാരവും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) നിലവിൽ എത്ര താത്കാലിക ജീവനക്കാർ ഏതെല്ലാം തസ്തികകളിൽ പി.എസ്.സി. ആസ്ഥാനത്ത് ജോലി ചെയ്യുന്നു; ഇവരുടെ നിയമന രീതി എങ്ങനെ ആയിരുന്നു എന്ന് വെളിപ്പെടുത്തുമോ? | സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരായ 9 സ്വീപ്പർമാരും, ഒരു ഗാർഡനറും, 8 സെക്യൂരിറ്റി ഗാർഡും, 12 ഡ്രൈവർമാരും; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിതരായ 8 ഡഫേദാർമാരും ഉൾപ്പെടെ ആകെ 38 താൽക്കാലിക ജീവനക്കാർ ജോലി നോക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ